# 45. ഹിന്ദുദേവാലയങ്ങളും മതനിരപേക്ഷ സർക്കാരും

തമിഴ്നാടു കഴിഞ്ഞാൽ, ഏററവുമധികം ക്ഷേത്രങ്ങളുള്ള ഇന്ത്യൻ സംസ്ഥാനം ആന്ധ്രപ്രദേശ് ആയിരിക്കും. ലോകത്തിലെ ഏററവും വലിയ ഹിന്ദുദേവാലയം ആന്ധ്രപ്രദേശിലെ തിരുപ്പതിയിലാണുള്ളത്.

ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം, അതിപ്രാധാന്യമുള്ള രണ്ടു തീരുമാനങ്ങൾ 1986 ഒക്ടോബർ 15—ാം തീയതി ആന്ധ്രപ്രദേശ് മന്ത്രിസഭ കൈക്കൊള്ളുകയുണ്ടായി. ആ സംസ്ഥാനത്തിലെ ക്ഷേത്രങ്ങളിൽ അർച്ചകസ്ഥാനം (ശാന്തിയും മററും) തലമുറകളായി ചില കുടുംബങ്ങളിൽ നിക്ഷിപ്തമാണ്. ഈ പാരമ്പര്യം അവസാനിപ്പിക്കുവാനും, കേരളത്തിലെ ക്ഷേത്രങ്ങളിലുള്ളതുപോലെ, യോഗ്യത നോക്കി അർച്ചകരെ നിശ്ചിത കാലത്തേക്കു നിയമിക്കുവാനുമാണ് ഒരു തീരുമാനം. ക്ഷേത്രങ്ങളുടെ ഭൂസ്വത്ത് ഇപ്പോൾ അവയിൽ കൃഷിചെയ്യുന്ന കുടിയാന്മാർക്കു വിററ്, വിലയായി കിട്ടുന്ന പണം ഖജനാവിൽ നിക്ഷേപിക്കുകയും, അതിന്റെ പലിശ ക്ഷേത്രങ്ങൾക്ക് യഥാകാലം കൊടുക്കുകയും വേണമെന്നാണ് രണ്ടാമത്തെ തീരുമാനത്തിന്റെ ചുരുക്കം.

ആന്ധ്രപ്രദേശിൽ ചീഫ് ജസ്റ്റിസ് ആയി റിട്ടയർചെയ്ത ശ്രീ ചല്ലകൊണ്ഡയ്യ സമർപ്പിച്ച ഒരു റിപ്പോർട്ടിനെ ആധാരമാക്കിയാണ് ആന്ധ്ര മന്ത്രിസഭ ഈ തീരുമാനം എടുത്തിട്ടുള്ളത്. വിപുലമായ ഈ റിപ്പോർട്ടിലെ ഇരുനൂററിമുപ്പത്താറു ശുപാർശകൾ അതേപടിയും, മുപ്പത്തൊന്നു ശുപാർശകൾ അല്പം ഭേദപ്പെടുത്തിയും മന്ത്രിസഭ സ്വീകരിച്ചിട്ടുണ്ട്. എട്ടു ശുപാർശകൾ മാത്രമേ തിരസ്കരിക്കപ്പെട്ടിട്ടുള്ളു. കേരളത്തിലെ ക്ഷേത്രങ്ങളുടെ ഭരണത്തിൽ താല്പര്യമുള്ളവർ ഈ റിപ്പോർട്ട് നിഷ്കൃഷ്ടപഠനത്തിനു വിധേയമാക്കുന്നതു നന്നായിരിക്കും.

ആന്ധ്രപ്രദേശിലെ മതസ്ഥാപനവിഭാഗത്തിൽ(എൻഡോവ്മെൻറ്സ് ഡിപ്പാട്ട്മെൻറ്)രജിസ്റ്റർചെയ്തവയായി മുപ്പത്തോരായിരത്തിത്തൊള്ളായിരത്തി മുപ്പത്തേഴ ക്ഷേത്രങ്ങളും ഇരുനൂററിപ്പതിനാറു മഠങ്ങളുമുണ്ട്. മൂന്നുലക്ഷത്തി പതിനോരായിരത്തി ഒരുനൂററുപത്തൊമ്പതു് ഏക്കർ നിലം ഈ സ്ഥാപനങ്ങൾ കൈവശം വെച്ചുവരുന്നു. ഇതിൽ എൺപതിനായിരത്തോളം ഏക്കർ നിലം അർച്ചകന്മാർ കാരായ്മയായി അനുഭവിക്കുന്നതാണ്. കരീംനഗർ ജില്ലയിലുള്ള രാജരാജേശ്വരസ്വാമിക്ഷേത്രത്തിൽ നൂററിരുപത്തെട്ടു കുടുംബങ്ങൾക്ക് അർച്ചകസ്ഥാനം പാരമ്പര്യമായി കൈവന്നിട്ടുണ്ട്. ഭദ്രാചലത്തിലുള്ള സീതാരാമചന്ദ്രസ്വാമിക്ഷേത്രത്തിൽ ഇരുപത്തിരണ്ടു കുടുംബക്കാർ അർച്ചകപദവി വഹിക്കുന്നു. പാരമ്പര്യമായി ക്ഷേത്രങ്ങളിൽ അർച്ചകസ്ഥാനം ഉള്ള ആറായിരത്തിനാനൂറു കുടുംബക്കാർ ആന്ധ്രപ്രദേശിലുണ്ട്. അർച്ചകസ്ഥാനം തങ്ങളുടെ സ്വത്താണെന്നും, അതിൽ തൊട്ടുകളിക്കരുതെന്നും ഈ കുടുംബക്കാർ, സ്വാഭാവികമായി വാദിക്കുന്നു. ഇവർക്കുപുറമേ ക്ഷേത്രങ്ങളിൽ 'മിറാസിദാർ' (ഊരാൺമ) സ്ഥാനവും ചില കുടുംബങ്ങൾ പാരമ്പര്യമായി പുലർത്തിവരുന്നു.

ഈ രണ്ടുതരം പാരമ്പര്യവും അവസാനിപ്പിക്കണം എന്നാണ് കാഞ്ചികാമകോടി മഠത്തിലെ ശങ്കരാചാര്യർ, ശൃംഗേരി ശങ്കരാചാര്യർ,

പുട്ടപർത്തി ശ്രീ സത്യസായിബാബ, രാമകൃഷ്ണമിഷനിലെ ശ്രീ രംഗനാഥാനന്ദസ്വാമി, സ്വാമി ചിന്മയാനന്ദജി മുതലായവർ നിർദ്ദേശിച്ചിട്ടുള്ളതു്. ക്ഷേത്രങ്ങളിലെ നടവരവിലും വഴിപാടിലും ഒരു പങ്കു് അർച്ചകർ കൈയടക്കുന്ന ഇപ്പോഴത്തെ സമ്പ്രദായവും ഇല്ലാതാക്കേണ്ടതാണെന്നു് അവർ നിർദേശിച്ചിട്ടുണ്ടു്. പകരം അർച്ചകർക്കും മിറാസിദാർമാർക്കും നല്ല ശമ്പളം കൊടുക്കണം. യോഗ്യത നോക്കിയാണു് അർച്ചകരെ നിയമിക്കേണ്ടതു്. അർച്ചകരെ നിയമിക്കുമ്പോൾ ജാതി പരിഗണിക്കരുതെന്നും, എല്ലാ ജാതികളിലുംപെട്ട ബിരുദധാരികളെ തിരഞ്ഞെടുത്തു് ഗുരുകുലസമ്പ്രദായത്തിൽ അവർക്കു് പൂജാദികർമങ്ങളിൽ പരിശീലനം നൽകുന്ന ഒരു പദ്ധതി ഭാരതീയവിദ്യാഭവൻ ഏറ്റെടുക്കേണ്ടതാണെന്നും സ്വാമി രംഗനാഥാനന്ദജി അഭിപ്രായപ്പെട്ടിരിക്കുന്നു.

കേരളത്തിൽ, രാമകൃഷ്ണമിഷനിലെ പരേതനായ സ്വാമി വ്യോമകേശാനന്ദജിയുടെ നേതൃത്വത്തിൽ, ഏതാനും വർഷം മുമ്പു് തിരുവല്ലായിൽ പ്രവർത്തിച്ചുവന്ന തന്ത്രവിദ്യാലയത്തിന്റെ അനുഭവം ഇവിടെ ഓർത്തുപോകുന്നു. ഹരിജനങ്ങൾക്കു പൂജകളിലും മററു ക്ഷേത്രച്ചടങ്ങുകളിലും പരിശീലനം നൽകുന്നതിനു് ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനാവസരത്തിൽ ഞാൻ സന്നിഹിതനായിരുന്നു. നമ്പൂതിരിമാരായ തന്ത്രിമാരുടെയും ദേവസ്വംബോർഡിന്റെയും മററും പൂർണസഹകരണത്തോടെ ആരംഭിച്ച ഈ പരീക്ഷണം നിർഭാഗ്യവശാൽ പരാജയമടയുകയാണുണ്ടായതു്. ഏതാനും ഹരിജനയുവാക്കൾ ഈ സ്ഥാപനത്തിൽ പരിശീലനം നേടി. തിരുവിതാംകൂർ ദേവസ്വംബോർഡു് അവരെ സ്വന്തം ക്ഷേത്രങ്ങളിൽ ശാന്തിക്കാരായി നിയമിക്കുകയുംചെയ്തു. പക്ഷേ,ഈ ഹരിജനപൂജാരികൾക്കു ക്ഷേത്രാരാധകരിൽനിന്നു കിട്ടിയ സ്വീകരണം മോശമായിരുന്നു. നന്തനാർക്കും നടരാജനുമിടയ്ക്കു് മലപോലെ ഒന്നല്ല, എത്രയോ അധികം മാടുകൾ, കേരളക്ഷേത്രങ്ങളിൽ ഇപ്പോഴും കിടക്കുന്നുണ്ടെന്നു തെളിയിക്കാൻ മാത്രമേ ഈ പരീക്ഷണം ഉപകരിച്ചുള്ളു. ഒടുവിൽ ഈ യുവാക്കൾ ദേവസ്വംബോർഡിന്റെ കീഴിൽ മററു ജോലികൾ സ്വീകരിച്ചു രക്ഷ നേടിയെന്നാണു് അറിയുന്നതു്.

കേരളത്തിലെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ നിയമിക്കുന്നതു് കുടുംബപാരമ്പര്യം നോക്കിയല്ലെങ്കിലും, തന്ത്രിമാർ, കഴകക്കാർ മുതലായ ക്ഷേത്രത്തൊഴിലുകാർ ഇപ്പോഴും പാരമ്പര്യവഴിക്കുതന്നെയാണു് അതാതു സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതു്. വരുമാനം വളരെ മോശമാകയാൽ ക്ഷേത്രങ്ങളിൽനിന്നു് അകന്നുനിൽക്കാനാണു് ഈ ക്ഷേത്രോപജീവികളുടെ അനന്തരഗാമികൾക്കു് ആഗ്രഹം. മറെറാരു നിവൃത്തിയുമില്ലാത്തവർ മാത്രമേ ക്ഷേത്രങ്ങളിലെ പാരമ്പര്യത്തൊഴിലുകൾക്കു് ഇപ്പോൾ പോകുന്നുള്ളു. ഇത്തരം തൊഴിലുകളിൽ ഏർപ്പെട്ടവർക്കും താരതമ്യേന മോശമല്ലാത്ത മാസശമ്പളം നൽകുകയും, അവയിൽ പ്രവേശിക്കാനാഗ്രഹിക്കുന്നവർക്കു് പരിശീലനത്തിനേർപ്പാടുണ്ടാക്കുകയും, അവരുടെ മിനിമം യോഗ്യത നിർണയിക്കുകയും വേണ്ടതാണു്. ഇതു ചെയ്യാത്ത പക്ഷം, ഏറെ താമസിയാതെ ഈ ജോലികൾ ചെയ്യാൻ ആളെ കിട്ടാതെ വന്നേക്കും; കിട്ടുന്നവർ ആ ജോലികൾക്കു പററാത്തവരാവുകയുംചെയ്യും.

1948—ലെ വൻകിട ഭൂസ്വത്തു് അവസാനിപ്പിക്കൽ നിയമം (എസ്റ്റേററു് അബോളിഷൻ ആക്ടു്) നടപ്പിലാക്കിയതോടെ ആന്ധ്രപ്രദേശിലെ ക്ഷേത്രങ്ങൾ പലതിനും ഭൂസ്വത്തു് ഇല്ലാതായിക്കഴിഞ്ഞിട്ടുണ്ടു്. ക്ഷേത്രങ്ങളുടെ അവശേഷിച്ച ഭൂസ്വത്താകട്ടെ പലരുടെയും കൈയിലുമാണു്. അതിനാൽ, ക്ഷേത്രസ്വത്തു് കുടിയാന്മാർക്കു വിൽക്കുകയെന്ന പ്രശ്നം അവിടെ പ്രയാസകരമാവില്ലെന്നാണു കരുതപ്പെടുന്നതു്.

ഭൂപരിഷ്കരണനിയമം നടപ്പിൽ വന്നതിനെത്തുടർന്നു് കേരളത്തി

ലെ ക്ഷേത്രങ്ങളിൽ ഭൂരിഭാഗവും ദരിദ്രങ്ങളായിത്തീർന്നിരിക്കുകയാണല്ലോ. നിത്യനിദാനകർമ്മങ്ങൾ നടത്തിപ്പോരാൻ അവയിൽ മിക്കതും നന്നെ ക്ലേശിക്കുന്നുണ്ട്. വളരെയധികം ക്ഷേത്രങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. അതേസമയം വലിയ വരുമാനമുള്ള ക്ഷേത്രങ്ങളുടെ സ്വത്തുക്കൾ ധൂർത്തടിച്ചുപോവുകയുംചെയ്യുന്നു.

'മതനിരപേക്ഷം' എന്ന് ഉദ്ഘോഷിക്കുന്ന നമ്മുടെ സ്റ്റേറ്റ് ഗവണ്മെൻറുകൾ ഹിന്ദുക്ഷേത്രങ്ങളുടെ ഭരണം നിർവഹിക്കേണ്ടതുണ്ടോ? ഇന്നത്തെ നിലയിൽ ദേവസ്വംബോർഡുകൾ സർക്കാർ വകുപ്പുകൾ തന്നെയാണ്. അവ്യവസ്ഥയും ചൂഷണവും അഴിമതികളും പിടിപ്പുകേടും മററു സർക്കാർ വകുപ്പുകളേക്കാൾ കൂടുതൽ ഈ ബോർഡുകളിലുണ്ടെന്നു മാത്രം. രാഷ്ട്രീയക്കാരുടെ കറവപ്പശുക്കളായി ഈ ബോർഡുകൾ തുടരുന്നതുകൊണ്ട് ഹിന്ദുമതത്തിനോ, ക്ഷേത്രാരാധകർക്കോ എന്തെങ്കിലും പ്രയോജനമുണ്ടെന്ന് ആരും പറയുമെന്നു തോന്നുന്നില്ല. ക്ഷേത്രങ്ങളെ നശിപ്പിക്കാനും ജനങ്ങളിൽനിന്ന് അകററാനുമല്ലാതെ, അവയെ അഭിവൃദ്ധിപ്പെടുത്താനും ജനക്ഷേമപ്രവർത്തനകേന്ദ്രങ്ങളാക്കി മാററാനും ബോർഡുകൾക്കു കഴിവില്ല.

മററെല്ലാ മതങ്ങൾക്കുമെന്നപോലെ ഹിന്ദുമതത്തിനുമുണ്ട് ആചാരപ്രധാനമായ ഒരു വശം. തത്ത്വചിന്തകൊണ്ടുമാത്രം, ഒരു മതവും നിലനിൽക്കുമെന്നു കരുതിക്കൂടാ.

ഹിന്ദുക്കളുടെ ആചാരങ്ങളിൽ, ശ്രൗതങ്ങളായ യാഗാദികർമ്മങ്ങൾ ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. അവയെ പുനരുദ്ധരിക്കുന്നതിനുള്ള യത്നം നിഷ്ഫലമാണ്. സ്മാർത്തങ്ങളായ ഗൃഹ്യകർമ്മങ്ങൾക്കും പ്രചാരലോപം സംഭവിച്ചിരിക്കുന്നു. നിഷേകംമുതൽ ശ്മശാനംവരെ ഓരോ വ്യക്തിയുടെയും ജീവിതത്തിൽ നിർണായകദശകളിൽ അനുഷ്ഠിച്ചിരിക്കേണ്ട ഷോഡശസംസ്കാരങ്ങൾ ബ്രാഹ്മണർക്കിടയിൽപ്പോലും ഇല്ലാതായിരിക്കുന്നു. ബ്രാഹ്മണേതര ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം, ഷോഡശസംസ്കാരങ്ങളിൽ ശവസംസ്കാരം മാത്രമേ ഇന്നു പ്രസക്തമായിട്ടുള്ളു.

ഹിന്ദുക്കളുടെ മതാചാരങ്ങളിൽ അവശേഷിക്കുന്നത് തന്ത്രവിധികളനുസരിച്ചുള്ള ക്ഷേത്രാരാധന മാത്രമാകുന്നു. അതുകൂടി ഇല്ലാതാവുമ്പോൾ, ഹിന്ദുക്കൾ ഏറെക്കുറെ നിർമ്മതാവസ്ഥയിലെത്തിച്ചേരും. സ്പൃഹണീയമായ ഒരു പരിണാമമാണ് ഇതെന്നു കരുതപ്പെടുന്നുണ്ടെങ്കിൽ, ക്ഷേത്രഭരണത്തിൽ ഇന്നത്തെ നില തുടർന്നുപോകുന്നതിൽ കുഴപ്പമില്ല. മറിച്ച്, മററു മതവിഭാഗങ്ങൾപോലെ ഹിന്ദുമതവിഭാഗവും ഇന്ത്യയിൽ നിലനിന്നുവരണമെന്നാണ് ആഗ്രഹമെങ്കിൽ, അതിനുള്ള സംഘടനാപരമായ അടിസ്ഥാനം എന്തായിരിക്കണമെന്ന് ആലോചിക്കാൻ സമയമായിരിക്കുന്നു.

പോപ്പ്, കർദ്ദിനാൾമാർ, ആർച്ചുബിഷപ്പുമാർ, ബിഷപ്പുമാർ, ഇടവകവികാരികൾ മുതലായ വിവിധ പദാധികാരികൾ ഒത്തിണങ്ങിച്ചേർന്ന് ഉരുക്കുചട്ടംപോലുള്ള ഒരു സംഘടനയാണ് കത്തോലിക്കക്രിസ്തുമതത്തിന്റേത്. അടിത്തട്ടിൽ കുറേക്കൂടി ജനാധിപത്യം അന്തർഭവിച്ചതെങ്കിലും, മററു പ്രധാന ക്രൈസ്തവസഭകളുടെ അടിസ്ഥാനസംരചനയും ഏറെക്കുറെ ഇതുതന്നെ. ഇത്തരമൊരു പൗരോഹിത്യചട്ടക്കൂട് ഒരിക്കലും ഹിന്ദുമതത്തിൽ ഉണ്ടായിരുന്നിട്ടില്ല; ഇനി ഉണ്ടാവാനും സാദ്ധ്യതയില്ല.

ഹിന്ദുമതം അഭിവൃദ്ധിപ്പെട്ട കാലത്തെല്ലാം, കരുത്തുള്ള രാജാക്കന്മാർ അതിനു പിൻബലം നൽകിവന്നിരുന്നു. രാജാധിപത്യം ചരിത്രത്തിൽനിന്ന് എന്നന്നേക്കുമായി അസ്തമിച്ചിരിക്കുന്നു. ജനാധിപത്യസർക്കാ

രുകയാണ്‌ തന്നെ കൂടുതൽകൂടുതൽ മതനിരപേക്ഷത കൈവരിച്ചുംവരുന്നു. ഇന്ത്യയെപ്പോലുള്ള ഒരു ബഹു-മതരാഷ്ട്രത്തിൽ, മതനിരപേക്ഷമായല്ലാതെ ഒരു ജനാധിപത്യസർക്കാരിനും പ്രവർത്തിക്കുക വയ്യതാനും.

സർക്കാരിൻെറ നിയന്ത്രണത്തിൽനിന്നു നിർമുക്തവും ജനാധിപത്യാധിഷ്ഠിതവുമായ ഒരു ഹിന്ദുമതസംഘടനയെക്കുറിച്ചു ചിന്തിക്കുമ്പോൾ സിഖുകാരുടെ ശിരോമണി ഗുരുദ്വാരപ്രബന്ധക് കമ്മററി, മുസ്ലിങ്ങളുടെ പ്രാദേശിക മതസംഘടനകൾ, ശ്രീനാരായണ ധർമ്മപരിപാലന സംഘത്തിൻെറയും മററും ക്ഷേത്രയോഗങ്ങൾ മുതലായവയുടെ മാതൃകകളാണ്‌ ആദ്യമായി പരിഗണനയ്ക്കു വരുന്നത്‌. അർഹമായ മററ്‌ വികല്പങ്ങളും ആലോചിക്കാവുന്നതാണ്‌.

ജനങ്ങളുടെ മനസ്സിൽനിന്ന്‌ മതചിന്ത എന്നെങ്കിലും വേർപറിഞ്ഞുപോകുമെന്നു കരുതിക്കൂടാ. മതമേതായാലും മനുഷ്യൻ നന്നാവണം എന്നതാണ്‌ പ്രായോഗികമായ ആദർശം. ഹിന്ദുമതസ്ഥാപനങ്ങളുടെ ഭരണം ഇന്ത്യയിലെ സംസ്ഥാനഗവണ്മെൻറുകൾ എത്രവേഗം കൈവിടുന്നുവോ അത്രയും നന്ന്‌. മതവിശ്വാസമുള്ള ഹിന്ദുക്കൾ പ്രാദേശികാടിസ്ഥാനത്തിൽ സംഘടിച്ച്‌ അതാതു സ്ഥലത്തെ ക്ഷേത്രങ്ങളുടെ ഭരണം ഏറെറടുക്കട്ടെ. ഈ സംഘടനകൾക്ക്‌ സർക്കാർ നിയമസാധുത നൽകുകയുംചെയ്യട്ടെ. സാധാരണജനങ്ങൾക്ക്‌ മതശിക്ഷണവും, ക്ഷേത്രത്തിലെ ജോലിക്കാർക്കും പുരോഹിതന്മാർക്കും വിദഗ്ദ്ധശിക്ഷണവും നൽകുന്നതിന്‌ ഈ പ്രാദേശിക സംഘടനകൾ സഹകരിച്ച്‌, വിദഗ്ദ്ധർ അടങ്ങിയ കേന്ദ്രസ്ഥാപനങ്ങൾ നിലവിൽ വരുത്തട്ടെ. കാല—ദേശ ആവശ്യങ്ങൾക്കനുസരിച്ച്‌ ആചാരങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ചുമതല ബഹുജനങ്ങളിൽത്തന്നെ നിക്ഷിപ്തമാകുകയുംചെയ്യട്ടെ.

ന്യൂനപക്ഷ വർഗീയതകളോടുള്ള പ്രതികരണമെന്ന നിലയിൽ ഭൂരിപക്ഷ(ഹിന്ദു)വർഗീയത ഇന്ത്യയിൽ വളർന്നുകൊണ്ടിരിക്കുകയാണ്‌. രാഷ്ട്രീയകക്ഷികൾ നിയന്ത്രിക്കുന്ന സർക്കാരിൻെറ ഭരണത്തിനു കീഴിൽ ഹിന്ദുധർമ്മസ്ഥാപനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ദുർഗതി ഹിന്ദുവർഗീയവാദികൾക്കു മൂർച്ചയേറിയ ഒരായുധം നിർമ്മിച്ചു നൽകിയിട്ടുമുണ്ട്‌. യാഥാർത്ഥ്യങ്ങളുടെനേരെ കണ്ണടയ്ക്കുന്നതുകൊണ്ട്‌ ആർക്കും ഒരു ഗുണവും ഉണ്ടാകാൻപോകുന്നില്ല.

(20 ഒക്ടോബർ, 1986)

# 46. രാമജന്മഭൂമി

'ഈ ലോകത്തിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നവരിൽ ഏററവും ഗുണവാൻ ആര്‌?' എന്ന്‌ വാല്മീകിമഹർഷി നാരദനോടു ചോദിച്ചു. 'രാമൻ' എന്ന്‌ സംശയം കൂടാതെ നാരദൻ മറുപടി പറഞ്ഞു. ഇതിനെത്തുടർന്നാണ്‌ രാമൻെറ കഥയെ ആധാരമാക്കി 'രാമായണം' എന്ന ആദികാവ്യം വാല്മീകി നിർമ്മിച്ചത്‌.

വനത്തിൽ, 'തമസ' എന്ന നദിയുടെ തീരത്തിലായിരുന്നു വാല്മീകിയുടെ ആശ്രമം. രാമൻ ഉപേക്ഷിച്ച സീത അക്കാലത്ത്‌ വാല്മീകിയുടെ ആശ്രമത്തിൽ പാർത്തിരുന്നു. അവിടെവെച്ച്‌ അവൾ പ്രസവിച്ച ഇരട്ടക്കുട്ടികളായിരുന്നു കുശനും ലവനും. തനിക്ക്‌ ഇങ്ങനെ രണ്ടു പുത്രന്മാരുള്ള കഥ രാമൻ അറിഞ്ഞിരുന്നില്ല.

വാല്മീകി, താനെഴുതിയ രാമായണം കുശനെയും ലവനെയും പഠി